**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ആയുർവേദ, ഹോമിയോ, അലോപ്പതി ഡിസ്പെൻസറികളുടെ വിവരങ്ങൾ നൽകാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലായി 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ച് വരുന്നു. ഇവയുടെ വിവരങ്ങൾ **അനുബന്ധം- I** ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ആകെ 17 ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ വിവരങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഹോമിയോ, അലോപ്പതി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നില്ല. |
| (ബി) | പ്രസ്തുത ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്; മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തിവരുന്നു. മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം നിലവിലില്ല.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ആയുർവേദ ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ നിയമനം നടത്തുന്നത് ഭാരതീയ ചികിത്സാ വകുപ്പാണ്. മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം നിലവിലില്ല |
| (സി) | ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ സ്ഥിരനിയമനം നടത്തുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ സ്ഥിരനിയമനം നടത്തുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നടപടി സ്വീകരിച്ചിട്ടില്ല.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ആയുർവേദ ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ |

| | | | |
|---|---|---|---|
| | | | തസ്തിക ഭാരതീയ ചികിത്സാ വകുപ്പിന്റെ കേഡർ തസ്തികയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളുടെ വിവരങ്ങൾ

| ക്രമ നം | ജില്ല | മുനിസിപ്പാലിറ്റി/പഞ്ചായത്ത് | നഗറിന്റെ പേര് |
|---|---|---|---|
| 1. | കണ്ണൂർ | ചിറയ്ക്കൽ | ഡോ. അംബേദ്കർ ഗ്രാമം, കുന്നുംകൈ. |
| 2. | | അഴീക്കോട് | കല്ലടത്തോട് നഗർ |
| 3. | വയനാട് | പടിഞ്ഞാറേത്തറ | കൊറ്റിയോട്ട്കുന്ന് |
| 4. | കോഴിക്കോട് | കൊടുവള്ളി | മുഴിക്കുന്നമ്മൽ |
| 5. | | ചാത്തമംഗലം | വല്ലക്കണ്ടി നഗർ |
| 6. | | പുതുപ്പാടി | പൂഴംകുന്ന് നഗർ |
| 7 | മലപ്പുറം | താനൂർ | ഒട്ടുംപുറം നഗർ |
| 8 | | നെടിയിരുപ്പ് | കോട്ടാശ്ശേരി |
| 9 | | കാളികാവ് | അടയ്ക്കാകുണ്ട് – പട്ടാണി തരിശ് എസ്.സി. നഗർ |
| 10 | | എ.ആർ നഗർ | വലിയപറമ്പ് |
| 11 | പാലക്കാട് | എലപ്പുള്ളി | നായാടി നഗർ |
| 12 | | തൃത്താല | പനമ്പറ്റ |
| 13 | | പറളി | കൂത്തറമ്പ് |
| 14 | തൃശ്ശൂർ | ആളൂർ | തിരുത്തിപറമ്പ് നഗർ |
| 15 | | ഇരിങ്ങാലക്കുട | കനാൽ ബൈസ് -1 |
| 16 | | പുത്തൂർ | വിശ്വനാഥൻനഗർ |
| 17 | | തെക്കുംകര | പുന്നംപറമ്പ് നഗർ |
| 18 | | എരുമപ്പെട്ടി | ചാത്തൻചിറ |
| 19 | | മാടക്കത്തറ | കള്ളായി നഗർ |
| 20 | | അടാട്ട് | പരിക്കാട് നഗർ |
| 21 | | വടക്കാഞ്ചേരി | കുമാരനെല്ലൂർ നഗർ |
| 22 | എറണാകുളം | തൃപ്പൂണിത്തുറ | മോനപ്പിള്ളി |
| 23 | | എടത്തല | മുതിരക്കാട്ടുമുകൾ |
| 24 | | ചേരനല്ലൂർ | കുറുങ്കോട്ട അംബേദ്കർ ഗ്രാമം |
| 25 | ഇടുക്കി | വണ്ണപ്പുറം | മുള്ളരിങ്ങാട് നഗർ |
| 26 | | ദേവികുളം | ഗുണ്ടല ഈസ്റ്റ് ഡിവിഷൻ |
| 27 | കൊല്ലം | തലവൂർ | ഐ.എച്ച്.ഡി.പി നഗർ |
| 28 | | പിറവന്തൂർ | കടയ്ക്കമൺ |
| 29 | | ശാസ്താംകോട്ട | അംബേദ്കർ ഗ്രാമം |

**അനുബന്ധം – II**

| ക്രമ നം. | പേര് | ജില്ല |
|---|---|---|
| 1. | ഗവ.ആയുർവേദ ഡിസ്പെൻസറി, കണ്ണവം | കണ്ണൂർ |
| 2. | ഗവ.ആയുർവേദ ഡിസ്പെൻസറി, ഇടിഞ്ഞാർ | തിരുവനന്തപുരം |
| 3. | ഗവ. ആയുർവേദ ഡിസ്പെൻസറി, ചെട്ടിയാമ്പറ | തിരുവനന്തപുരം |
| 4. | ഗവ.ആയുർവേദ ഡിസ്പെൻസറി, കുളത്തൂപ്പുഴ | കൊല്ലം |
| 5. | ഗവ.ആയുർവേദ ഡിസ്പെൻസറി, നാറാണംമൂഴി | പത്തനംതിട്ട |
| 6. | ഗവ. ആയുർവേദ ഡിസ്പെൻസറി, ചാമ്പക്കാട് | ഇടുക്കി(അടിമാലി) |
| 7. | ഗവ.ആയുർവേദ ഡിസ്പെൻസറി, കാഞ്ചിയാർ | ഇടുക്കി |
| 8. | ഗവ. ആയുർവേദ ഡിസ്പെൻസറി, മന്നാംകണ്ടം | ഇടുക്കി(അടിമാലി) |
| 9. | ഗവ.ആയുർവേദ ഡിസ്പെൻസറി, നാളിയാനി | ഇടുക്കി |
| 10. | ഗവ.ആയുർവേദ ഡിസ്പെൻസറി, കുരുതിക്കളം | ഇടുക്കി |
| 11. | ഗവ.ആയുർവേദ ഡിസ്പെൻസറി, പിണവൂർകുടി | എറണാകുളം |
| 12. | ഗവ.ആയുർവേദ ഡിസ്പെൻസറി, കുറിയാർകുറ്റി | പാലക്കാട് |
| 13. | ഗവ.ആയുർവേദ ഡിസ്പെൻസറി, കരുളായി | മലപ്പുറം |
| 14. | ഗവ.ആയുർവേദ ഡിസ്പെൻസറി, തരിയോട് | വയനാട് (കൽപ്പറ്റ) |
| 15. | ഗവ.ആയുർവേദ ഡിസ്പെൻസറി, ചിങ്ങേരി | വയനാട് ( സുൽത്താൻ ബത്തേരി) |
| 16. | ഗവ.ആയുർവേദ ഡിസ്പെൻസറി, തിരുനെല്ലി | വയനാട് (മാനന്തവാടി ) |
| 17. | ഗവ.ആയുർവേദ ഡിസ്പെൻസറി, ബേള | കാസർഗോഡ് |